**Week -1**

# Weekly Devotionals of April 2016

## <u>The God of Blessing</u> (അനുഗ്രഹിക്കുന്ന ദൈവം)




ഒരു വ്യക്തിയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ലഭ്യമാകാത്തപ്പോൾ ചിലർ വ്യസനിയ്ക്കും. മറ്റു ചിലർ അവരെ പഴിയ്ക്കുകയും , ദുഷിക്കുകയും ചെയ്യും. എന്നാൽ ജോർജ്ജുമുള്ളറെപ്പോലെയുള്ളവർ അവർക്കുവേണ്ടി പ്രാർത്ഥിയ്ക്കും. അതിനുള്ള ധൈര്യം കാട്ടുന്നവർ വിരളമാണ്. മുള്ളറോട് ഒരാൾ മറുപടി ലഭിക്കാത്ത പ്രാർത്ഥനാ വിഷയങ്ങൾ വല്ലതുമുണ്ടോ എന്ന് തിരക്കി. അതിന് ‘‘ഞാൻ പ്രാർത്ഥിച്ച ഒരു വ്യക്തി ഇതുവരെ രക്ഷപെട്ടില്ല’’ എന്ന് അദ്ദേഹം പറഞ്ഞു. ഇനിയും അവൻ മടങ്ങി വരുമെന്ന് നിങ്ങൾ വിശ്വസിക്കുന്നോ? വെറുതെ പ്രാർത്ഥിക്കുന്നത് എന്തിനാണെന്ന അയാളുടെ മറുപടി മുള്ളറെ കോപാകുലനാക്കി.’’അവൻ രക്ഷപെടും മുള്ളറാണ് പ്രാർത്ഥിക്കുന്നത്’’ എന്ന മറുപടി മുള്ളറിന്റെ അഹങ്കാരത്തിന്റെ വാക്കുകളല്ല പ്രത്യുത വിശ്വാസദൃഢതയെ ആണ് പ്രകടമാക്കിയത്.

1ദിന:(4:9-10) വരെയുള്ള വാക്യങ്ങളിൽ കാണുന്ന സംഭവത്തിലെ വ്യക്തിയാണ് യബ്ബേസ്(Jabez)തന്റെ പ്രതീക്ഷയ്ക്കനുസരിച്ച് ലഭിക്കാത്ത മകനെ നോക്കി അവന്റെ പെറ്റമ്മ തന്നെയാണ് യബ്ബേസ് അഥവാ വ്യസന പുത്രൻ എന്ന് പേരിട്ടത്. വ്യസനകാരണമായ സഹോദരനെ നോക്കി നാട്ടു കാരും , കൂട്ടുകാരും മാത്രമല്ല വീട്ടുകാരും പരിഹസിച്ചു. എന്നാൽ പെറ്റമ്മ തന്നെ വെറുത്തതാണ് ഏറ്റവും വലിയ വ്യസനഹേതുവായി അവന് തോന്നിയത്.പെറ്റമ്മയെക്കാളുപരി സ്നേഹിക്കുന്ന ഒരു സ്വർഗ്ഗീയ പിതാ വിനെക്കുറിച്ച് അറിഞ്ഞത് അവന്റെ പിരിമുറുക്കത്തിന് അയവു വരുത്തി. ഈ സ്വർഗ്ഗീയ പിതാവ് തന്റെ പ്രശ്നങ്ങളേക്കാൾ വലിയവനെന്ന് അവൻ വിശ്വസിച്ചു. ആ ദൈവത്തോട് തന്റെ ഉള്ള അവസ്ഥ അറിയിക്കുവാൻ അവൻ തീരുമാനിച്ചു. പ്രീയരേ ! യബ്ബേസായ വിഷയങ്ങളെ ഓർത്ത് വ്യാകുലപ്പെടേണ്ട, ദൈവം നിന്റെ വ്യസനത്തിന്റെ കാരണം ശ്രദ്ധയോടെ കേൾക്കും. തന്നെ പരിഹസിച്ചവരുടെ വിളിയെ മാറ്റുവാൻ മനുഷ്യർ നിശ്ച യിച്ചുറപ്പിച്ച ചില അതിരുകളെ മാറ്റിയാൽ മതി എന്ന് മനസ്സിലാക്കിയ യബ്ബേസ് ദൈവമുമ്പാകെ പ്രാർത്ഥന കഴിച്ചതിന്റെ ഒന്നാംഭാഗമാണ് ആദ്യ ആഴ്ചത്തെ ചിന്ത.

“നിശ്ചയമായും നീ എന്നെ അനുഗ്രഹിക്കണം” അനുഗ്രഹം തരുവാൻ കഴിവുള്ളവന്റെ അടുക്കൽ എത്തുന്നവൻ നമ്മുടെ ആവശ്യം , നമ്മുടെ കുറവുകൾ ധൈര്യമായി അവനോട് പറയണം. അനുഗ്രഹമുറിയുടെ പൂട്ട് തുറക്കുവാൻ പ്രാർത്ഥന എന്ന താക്കോലാവശ്യമാണ്. ഒന്നും തനിയെ നമ്മുടെ അടുക്കലേക്ക് വരികയില്ല, നാം അവനോട് പിടിച്ച് വാങ്ങണം. അതിനെപ്പറ്റി ഭാരപ്പെടേണ്ട ആവശ്യം ഇല്ല കാരണം അവ തരുന്നത് സ്വർഗ്ഗീയ പിതാവാണ്. യബ്ബേസ് എന്ന ആവശ്യക്കാരനാണ് പ്രാർത്ഥിച്ചത്. അവന്റെ അന്തരംഗത്തിൽ നിന്നുള്ള ആവശ്യബോധത്തിന്റെ അപേക്ഷ

ആയിരുന്നു ആ പ്രാർത്ഥന. അവൻ തന്നത്താൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. മർക്കോ (1:40) ൽ 'കുഷ്ഠരോഗി മനസ്സുണ്ടെങ്കിൽ ശുദ്ധമാക്ക' എന്ന് പറഞ്ഞതിന് മനസ്സുണ്ട്. ശുദ്ധമാക എന്ന് പറഞ്ഞ് യേശു തൊട്ടു അവന് സൗഖ്യം ലഭിച്ചു. വിശ്വാസത്തോടെ ചോദിക്കുക, നിങ്ങളുടെ അവസ്ഥയ്ക്ക് മാറ്റം വരും.

ദൈവ പൈതലായി , ദൈവവചനം പഠിച്ച്, ദൈവത്തെ ആരാധിച്ച് ജീവിക്കുന്നവനെ ദൈവം അനുഗ്രഹിയ്ക്കും. ദൈവീക അനുഗ്രഹങ്ങളെ സ്നേഹിക്കാതെ, അനുഗ്രഹിക്കുംതോറും ദൈവത്തെ സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ഞെരുക്കത്തിൽ നിലവിളിക്കുന്നവന്റെ പ്രാർത്ഥന കേൾക്കുന്ന ദൈവമേ ! നഷ്ടത്തിൽ നിന്നും , കഷ്ടത്തിൽ നിന്നും രോഗത്തിൽ നിന്നും , പരാജയത്തിൽ നിന്നും രക്ഷിക്കുന്ന അങ്ങയുടെ അടുക്കൽ ഞാൻ കഴിക്കുന്ന പ്രാർത്ഥന കേട്ട് എന്നെ ഒരു അനുഗ്രഹമാക്കേണമേ. നീ ഒരനുഗ്രഹമായി എന്നെ നിലനിർത്തുമ്പോൾ മറ്റുള്ളവർക്കും ആ അനുഗ്രഹം കാട്ടികൊടുപ്പാൻ എന്നെ അനുവദിക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind